കൈപ്പറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച മറ്റു വിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. അറിയിപ്പ്

റവല്യൂഷനറി സോഷ്യലിസ്റ്റ് പാർട്ടി (ബേബി ജോൺ) യെ നിയമസഭയിൽ ഒരു പ്രത്യേക ബ്ലോക്കായി അംഗീകരിച്ചു പ്രവർത്തിക്കാൻ അനുവദിക്കുന്നത് സംബന്ധിച്ചു

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ...ഒരു പ്രധാന അറിയിപ്പ്.

റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയിൽ അടുത്തിടയുണ്ടായ അഭിപ്രായ വ്യത്യാസങ്ങളുടെ പശ്ചാത്തലത്തിൽ രണ്ടു വിഭാഗങ്ങളിൽപ്പെട്ടവരും ചില ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. ശ്രീ. ബാബു ദിവാകരൻ 25-03-99 ൽ നൽകിയ കത്തിൽ ആർ.എസ്.പി. പാർലമെന്ററി പാർട്ടിയിൽനിന്നും ശ്രീ. വി.പി രാമകൃഷ്ണപിള്ളയെ പുറംതള്ളിയിരിക്കുകയാണെന്നും ആർ.എസ്.പി നിയമസഭാ കക്ഷിയിലുള്ള അംഗത്വം നഷ്ടമായ അദ്ദേഹത്തെ നിയമസഭയിൽ ആർ.എസ്.പി. യുടെ ബ്ലോക്കിൽ നിന്നും മാറ്റിയിരുത്തണമെന്നും മറ്റും ആവശ്യപ്പെട്ടിരുന്നു. പ്രൊഫ. എ.വി. താമരാക്ഷനെ ആർ.എസ്.പി. പാർലമെന്ററി പാർട്ടിയിൽനിന്നും നീക്കം ചെയ്തതായും, ശ്രീ. ബാബു ദിവാകരനെ പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തതായും, ശ്രീ. വി.പി രാമകൃഷ്ണപിള്ള അദ്ദേഹത്തിന്റെ 2-4-1999 ലെ കത്തിൽ എന്നെ അറിയിച്ചിരുന്നു .... ബഹളം .... ഈ സഭയിൽ ഇത്തരത്തിൽ ഒരു സംഭവം ആദ്യമായിട്ടാണ് ..... ബഹളം ..... ശ്രീ. ബേബി ജോണിനു പകരം ശ്രീ. വി.പി രാമകൃഷ്ണപിള്ളയെ പാർലമെന്ററി പാർട്ടി നേതാവും, ശ്രീ. ടി. നാണുമാസ്റ്ററെ സെക്രട്ടറിയും വിപ്പുമായി തെരഞ്ഞെടുത്തതായും അതനുസരിച്ചുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നും പ്രസ്തുത കത്തിൽ ആവശ്യപ്പെട്ടിരുന്നു.

ഈരണ്ടു കത്തിലേയും ഉള്ളടക്കം സംബന്ധിച്ചു വിശദീകരണം ചെയർ ബന്ധപ്പെട്ടവരിൽനിന്നും തേടുകയും, അതിനുശേഷം എന്നെ നേരിൽക്കണ്ട് അവർ കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. 1999 ജൂലൈ 15-ാം തീയതി ആർ.എസ്.പി സ്റ്റേറ്റ് സെക്രട്ടറി പ്രൊഫ. ചന്ദ്രചൂഡന്റെ ഒരു കത്തും എനിക്ക് ലഭിക്കുകയുണ്ടായി. പാർലമെന്ററി പാർട്ടി ലീഡറായി ശ്രീ. വി.പി രാമകൃഷ്ണപിള്ളയെ തെരഞ്ഞെടുത്ത വിവരവും മറ്റും അറിയിച്ചതിനു പുറമെ, ആർ.എസ്.പി. കേന്ദ്ര കമ്മിറ്റി ശ്രീ. ബേബി ജോൺ, പ്രൊഫ. എ.വി. താമരാക്ഷൻ, ശ്രീ. ബാബു ദിവാകരൻ എന്നിവരെ ആർ.എസ്.പി യുടെ കേന്ദ്ര കമ്മിറ്റിയിൽ നിന്നും പാർട്ടിയുടെ പ്രാഥമികാംഗത്വത്തിൽ നിന്നും പുറത്താക്കിയ വിവരവും പ്രസ്തുത കത്തിൽ അറിയിച്ചിരുന്നു. ശ്രീ. ബേബി ജോൺ 7-12-1999 ൽ നൽകിയ കത്തിൽ ആർ.എസ്.പി. യിലെ ബഹുഭൂരിപക്ഷം അംഗങ്ങളും, പാർലമെന്ററി പാർട്ടിയിലെ അഞ്ച് അംഗങ്ങളിൽ മൂന്നു പേരും നവംബർ 11-ാം തീയതി യോഗം ചേർന്ന് ആർ.എസ്.പി. (ബേബി ജോൺ) എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകു

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കയും അതിന്റെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടു ണ്ടെന്ന് അറിയിച്ചിരുന്നു. ആർ.എസ്.പി. പാർലമെന്ററി പാർട്ടി ലീഡറായി ശ്രീ. ബേബി ജോണിനെയും ഡെപ്യൂട്ടി ലീഡറായി പ്രൊഫ. എ.വി. താമരാക്ഷ നെയും, സെക്രട്ടറിയും വിപ്പുമായി ശ്രീ.ബാബു ദിവാകരനെയും തെരഞ്ഞെടു ത്തതായും ടി കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. കൂടാതെ ശ്രീ. ബേബി ജോണിന്റെ നേതൃത്വത്തിലുള്ള ആർ.എസ്.പി. (ബേബി ജോൺ) യെ നിയമ സഭയിൽ ഒരു രാഷ്ട്രീയ പാർട്ടിയായി പരിഗണിച്ചു പ്രത്യേക ബ്ളോക്ക് അനു വദിക്കണമെന്നും ഭരണഘടനയുടെ പത്താം പട്ടികയിലും ബന്ധപ്പെട്ട ചട്ട ങ്ങളും അനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിയമസഭ ബുള്ളറ്റിനിൽ ഇതനുസ രിച്ച് ഭേദഗതി വരുത്തണമെന്നും കത്തിൽ ആവശ്യപ്പെട്ടിരുന്നു.

ഭരണഘടനയുടെ പത്താം പട്ടിക അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെ ടുവിച്ച ചട്ടങ്ങൾ - നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ - പത്താം ഷെഡ്യൂളും ചട്ടങ്ങളും പ്രാബല്യത്തിൽ വരു ന്നതിനു മുൻപും -പിൻപും ഈ സഭയിലുണ്ടായിട്ടുള്ള ഇത്തരം പ്രശ്നങ്ങൾ, അവയിൽ മുൻ സ്പീക്കർമാർ എടുത്ത തീരുമാനങ്ങൾ എന്നിവയുടെ അടി സ്ഥാനത്തിൽ ഈ പ്രശ്നം സവിസ്തരം ചെയർ പരിശോധിക്കുകയുണ്ടായി. അതിന്റെ വിശദാംശങ്ങളും നിയമപ്രശ്നങ്ങളും സുദീർഘമായി ഇവിടെ പ്രതി പാദിക്കുവാൻ ആഗ്രഹിക്കുന്നില്ല. എന്നിരുന്നാലും ഒന്നു രണ്ട് കാര്യങ്ങൾ മാത്രം ചൂണ്ടിക്കാണിക്കേണ്ടത് ആവശ്യമാണ്. ഭരണഘടനയുടെ പത്താം പട്ടികയനുസരിച്ച് രാഷ്ട്രീയ പാർട്ടിയേയും, അതിന്റെ പാർലമെന്ററി പാർട്ടി യേയും രണ്ടായിത്തന്നെ കാണണം. ഒരിക്കൽ പാർലമെന്ററി പാർട്ടി യിൽനിന്നും ഒരംഗത്തിനെ പുറത്താക്കിയാൽ ആ അംഗത്തിന് പ്രസ്തുത പാർട്ടിയുടെ പരിരക്ഷ സഭയിലുണ്ടായിരിക്കുകയില്ല. അതുപോലെ തന്നെ ഒരം ഗത്തെ പാർലമെന്ററി പാർട്ടിയിൽ നിന്നും പുറത്താക്കിയാലും ഭരണഘടന യിലും, നിയമസഭാ ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ള സഭയിലെ ഒരംഗത്തിന്റെ അവകാശാധികാരങ്ങൾ ഇല്ലാതാകുന്നുമില്ല. പാർലമെന്ററി പാർട്ടികളിൽ ചില സാഹചര്യങ്ങളിൽ ഭിന്നിപ്പുണ്ടാകാറുണ്ട്. അത്തരം, ഭിന്നിപ്പിന് ചില വ്യവസ്ഥ കൾക്ക് വിധേയമായി ഭരണഘടനയുടെ 10-ാം പട്ടികയിലെ 3-ാം ഖഡ്ണിക പരിരക്ഷയും ഉറപ്പും വരുത്തുന്നുണ്ട്. ഈ സഭയിൽത്തന്നെ ഇത്തരം ധാരാളം കീഴ്വഴക്കങ്ങളുണ്ട്. ശ്രീ. കെ.എം. ജോർജിന്റെ നേതൃത്വത്തിലുള്ള കേരളാ കോൺഗ്രസ് ഭിന്നിച്ച്, ശ്രീ. കെ.എം. മാണിയുടെ നേതൃത്വത്തിൽ പുതിയൊരു കേരളാ കോൺഗ്രസ് പാർലമെന്ററി പാർട്ടി ഉണ്ടായി. അപ്പോൾ രണ്ട് കേരളാ കോൺഗ്രസ് പാർലമെന്ററി പാർട്ടികളെയും സഭയിൽ അംഗീകരിച്ചു. കേരളാ കോൺഗ്രസ് തന്നെ പിന്നീട് ശ്രീ. പി.ജെ. ജോസഫിന്റെയും ശ്രീ. കെ.എം. മാണിയുടെയും നേതൃത്വത്തിൽ രണ്ടായി പിരിഞ്ഞു. അപ്പോഴും രണ്ടു പാർട്ടി കളെയും പ്രത്യേകം പാർലമെന്ററി പാർട്ടികളായി സഭ അംഗീകരിച്ചിട്ടുണ്ട്.

ഒൻപതാം കേരളാ നിയമസഭയിൽ ശ്രീ.കെ.എം.മാണിയുടെ നേതൃത്വ ത്തിലുള്ള കേരളാ കോൺഗ്രസ് (എം) ൽ ഭിന്നിപ്പുണ്ടായി. ശ്രീ. ടി.എം. ജേക്കബിന്റെ നേതൃത്വത്തിൽ പുതിയൊരു കേരളാ കോൺഗ്രസ് (ജേക്കബ്) നിലവിൽ വന്നു. അപ്പോഴും രണ്ടു പാർട്ടികളെയും അംഗീകരിച്ച് പ്രത്യേക ബ്ളോക്കുകൾ നൽകി. അതുപോലെ 1976-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഭിന്നിച്ചു രണ്ടായപ്പോൾ ശ്രീ. കെ. കരുണാകരന്റെയും, ശ്രീ. എ.കെ. ആന്റണിയുടെയും നേതൃത്വത്തിലുള്ള രണ്ടു വിഭാഗങ്ങളെയും പ്രത്യേ കമായി കണക്കാക്കി തീരുമാനമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഭരണഘടനാപരമായ പ്രശ്നങ്ങളും നമ്മുടെ സഭയിലെ മേൽ സൂചിപ്പിച്ച കീഴ്വഴക്കങ്ങളും കണക്കിലെടുത്ത് മൂന്നംഗങ്ങൾ ഉൾക്കൊള്ളുന്നതും ശ്രീ. ബേബി ജോൺ നിയമസഭാ കക്ഷി നേതാവും, പ്രൊഫ. എ.വി താമരാക്ഷൻ ഡെപ്യൂട്ടി ലീഡറും ശ്രീ. ബാബു ദിവാകരൻ സെക്രട്ടറിയും വിപ്പുമായി രൂപീകരിച്ച റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി (ബേബി ജോൺ) എന്ന പാർലമെന്ററി പാർട്ടിയെ നിയമസഭയിൽ ഒരു പ്രത്യേക ബ്ലോക്കായി അംഗീകരിക്കുകയും, നിയമസഭയ്ക്കകത്ത് അത്തരത്തിൽ പ്രവർത്തിക്കുവാൻ അനുവദിക്കുകയും ചെയ്യുന്നു.

ഭരണഘടനയുടെ പത്താം പട്ടികയും അതിന്റെ കീഴിലുള്ള ചട്ടങ്ങളും അനുസരിച്ച് പാർട്ടി അംഗങ്ങളുടെ പേരുവിവരം 1996 ഡിസംബർ 11-ാം തീയതി പുറപ്പെടുവിച്ച 99-ാം നമ്പർ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആർ.എസ്.പി. (ബേബി ജോൺ) എന്ന പാർലമെന്ററി പാർട്ടിയുടെ ആവിർഭാവത്തോടെ ഈ ബുള്ളറ്റിനിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായി 1986 ലെ Kerala Legislative Assembly (Disqualification on ground of Detection) Rules-ലെ 3-ാം ചട്ടത്തിൽ (4)-ാം ഉപചട്ടമനുസരിച്ച് ബന്ധപ്പെട്ടവരിൽ നിന്നും രേഖാമൂലമായ അറിയിപ്പു കിട്ടുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു. ..... ബഹളം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ,....ബഹളം.....

മി. സ്പീക്കർ : പ്ലീസ്, പ്ലീസ് ..... നോ ഡിസ്ക്കഷൻ, നോ ഡിസ്ക്കഷൻ..

III. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ. തമ്പാനൂർ രവി, പി. വിശ്വൻ, പി. രാജു എന്നിവരെ 10-ാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലേക്ക് ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

IV. അടിയന്തിരപ്രമേയം

കണ്ണൂർ ജില്ലയിൽ ഏഴുപേർ കൊല ചെയ്യപ്പെട്ട രാഷ്ട്രീയ സംഘട്ടനങ്ങൾ

മി. സ്പീക്കർ : ഈയിടെ കണ്ണൂർ ജില്ലയിലെ തലശ്ശേരി, പാനൂർ മേഖലയിലുണ്ടായ സംഘട്ടനങ്ങളുടെയും കൊലപാതകങ്ങളുടെയും ഫലമായി അവിടെ നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തെ സംബന്ധിച്ചു സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, പി.കെ. കുഞ്ഞാലിക്കുട്ടി, ടി.എം. ജേക്കബ്, ആർ. ബാലകൃഷ്ണപിള്ള എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിന്റെ ചില മേഖലകളിൽ വർഷങ്ങളായി രാഷ്ട്രീയ സംഘർഷങ്ങളും അതിനോടനുബന്ധിച്ചുള്ള പ്രശ്നങ്ങളും നിലനിൽക്കുകയായിരുന്നു. 1999 ആഗസ്റ്റ് 25-ാം തീയതി തിരുവോണ ദിവസം സി.പി.ഐ.(എം) നേതാവ് പി. ജയരാജനെ വീട്ടിൽ കയറി ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവമു

LIBRARY ARCHIVES Kerala Legislative Assembly